ആരംഭിക്കുന്നത് സംബന്ധിച്ച ഹെൽത്ത്-ഇ 2-76/15-ഹെൽത്ത് ഫയൽ ധനകാര്യ വകുപ്പിൽ (e-66096) പരിശോധിക്കുകയും പ്രസ്തുത ശിപാർശയിൽ തസ്തിക സൃഷ്ടിക്കലിന്റെയും അധിക സാമ്പത്തിക ബാധ്യതയുടെയും ആവശ്യകതയുള്ളതായി കണ്ടതിനെത്തുടർന്ന് നിരസിക്കുകയും ചെയ്തിട്ടുള്ളതാണ്.

മങ്കടയിൽ പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ച്

165 (137) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മങ്കട ടൗണിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മങ്കടയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് തുറക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മങ്കട ടൗണിൽ ബ്രാഞ്ച് തുടങ്ങുന്നതിന് പ്രായോഗികതാ പഠനം നടത്തിയിട്ടുണ്ട്.

(ബി) ബ്രാഞ്ച് തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മംഗല്യനിധി പദ്ധതി

166 (138) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗല്യനിധി പദ്ധതി ആരംഭിച്ചിന് ശേഷം ഇതുവരെയുള്ള ഓരോ വർഷവും എത്ര തുക വീതം പദ്ധതിയിലേയ്ക്ക് സമാഹരിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ വർഷവും മംഗല്യനിധി വഴിയുള്ള ധനസഹായത്തിന് അപേക്ഷിച്ചവർ എത്ര; ധനസഹായത്തിന് അർഹരെന്ന് കണ്ടെത്തിയവർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ വർഷവും അർഹരെന്ന് കണ്ടെത്തിയവരിൽ ആനുകൂല്യം പൂർണമായും ലഭ്യമാകാത്തവർ എത്ര വീതം; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) മംഗല്യനിധി പദ്ധതിയിൽ നിലവിൽ അവശേഷിക്കുന്ന തുക എത്ര; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) 2013 മുതലാണ് ആഡംബര നികുതി നിയമ പ്രകാരം കല്യാണമണ്ഡപങ്ങൾക്ക് മംഗല്യനികുതി സെസ് ഏർപ്പെടുത്തിയത്. ഇതിൽനിന്നും ലഭ്യമായ നികുതി താഴെപ്പറയും പ്രകാരമാണ്.

2013 - 14 - 4.09 കോടി രൂപ

2014 - 15 - 3.57 കോടി രൂപ

പ്രസ്തുത പദ്ധതി നിലവിൽ വന്നതിനെ തുടർന്ന് ധാരാളം റിട്ട് പെറ്റീഷനുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയുണ്ടായി. റിട്ട് പെറ്റീഷനുകളുടെ അഡ്മിഷൻ സ്റ്റേജിൽ തന്നെ മംഗല്യനിധി സെസ്സ് പിരിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തു. തുടർന്ന് 26-8-2014-ലെ അന്തിമവിധി ന്യായത്തിൽ മംഗല്യനിധി സെസ്സ് ഭരണഘടനാ വിരുദ്ധമാണെന്ന് വിധിച്ചുകൊണ്ട് റദ്ദാക്കി.

വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉറപ്പാക്കിയിട്ടുള്ള പദ്ധതികൾ

167 (139) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംങ്ങിന് വേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിലേക്ക് ശിപാർശ ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ നല്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉറപ്പാക്കിയിട്ടുണ്ട്?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പ്രഖ്യാപിത പദ്ധതികളുടെ പൂർത്തീകരണം

168 (140) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ബഡ്ജറ്റുകളിലൂടെ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ ഏതൊക്കെയായിരുന്നു; അവയിൽ പൂർണ്ണമായും നടപ്പിലാക്കപ്പെട്ടവ എത്ര; ഭരണാനുമതി നൽകിയെങ്കിലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തവ എത്ര; ഓരോ വർഷവും നടപ്പിലാക്കാൻ സാധിക്കാതെ പോയവ എത്ര; വിശദമാക്കാമോ;